


കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മീനങ്ങാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowydksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി1-783/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 04/08/2025
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-29 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 5(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ, വയനാട് - 673 121

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി1-783/2025 തീയതി: 04/08/2025

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ ക്രമക്കേടുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ ക്രമക്കേടുകളിന്മേൽ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജോ ജോസഫ് കെ. എ. എസ്	ഡെപ്യൂട്ടി ഡയറക്ടർ	10-06-2025	20-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-06-2025	20-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ. വി. ഡേവിഡ്, ഓഡിറ്റ് ഓഫീസർ.
ശ്രീ. അലി അക്ബർ കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനോജ്കുമാർ വി. എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അപർണ്ണ ശശീധരൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

കെ.ഇ.വിനയൻ	പ്രസിഡന്റ്	01-04-2024	31-03-2025
അപ്പുത്ത് കെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തിയതി (മുതൽ)	തിയതി (വരെ)
പ്രമോദ് കുമാർ . വി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	05-09-2024
ഷാനവാസ് . ടി	അസിസ്റ്റന്റ് സെക്രട്ടറി	06-09-2024	26-10-2024
മോഹൻദാസ്.കെ.കെ	അസിസ്റ്റന്റ് സെക്രട്ടറി	27-10-2024	16-03-2025
രാജേന്ദ്രൻ പിള്ള. എം	അസിസ്റ്റന്റ് സെക്രട്ടറി	17-03-2025	31-03-2025
ഡോ. കഞ്ഞിക്കണ്ണൻ. കെ.പി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2024	03-07-2024
ഡോ. അപ്പുൽ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	04-07-2024	21-11-2024
ഡോ. കഞ്ഞിക്കണ്ണൻ. കെ.പി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	22-11-2024	28-02-2025
ഡോ. സംഗീത . കെ.വി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-03-2025	31-03-2025
ഡോ. റീന. വി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. നിഷ. ബി.കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. സ്പെൻസർ ഫ്രാൻസിസ്	വെറ്റിനറി സർജൻ	01-04-2024	26-11-2024
ഡോ. മുഹമ്മദ് നവാസ്	വെറ്റിനറി സർജൻ	27-11-2024	31-03-2025
അഞ്ജു കൃഷ്ണ	ICDS സൂപ്പർവൈസർ	01-04-2024	31-03-2025
സൗമ്യ. വി.പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-05-2024
രഞ്ജുഷ. ഡി	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2024	10-09-2024
സൗമ്യ. വി.പി	അസിസ്റ്റന്റ് എഞ്ചിനീയർ	11-09-2024	03-12-2024
വിഷ്ണു കൃഷ്ണൻ	അസിസ്റ്റന്റ് എഞ്ചിനീയർ (ദിവസ വേതനം)	04-12-2024	13-12-2024
സൗമ്യ. വി.പി	അസിസ്റ്റന്റ് എഞ്ചിനീയർ	14-12-2024	17-12-2024
വിഷ്ണു കൃഷ്ണൻ	അസിസ്റ്റന്റ് എഞ്ചിനീയർ (ദിവസ വേതനം)	18-12-2024	13-01-2025
ഷഹനൽ . പി	അസിസ്റ്റന്റ് എഞ്ചിനീയർ	14-01-2025	31-03-2025
ബിജു. എം. ടി	ഹെഡ്മാസ്റ്റർ	01-04-2024	13-06-2024
ശൈല. എ. വൈ	ഹെഡ്മാസ്റ്റർ	14-06-2024	31-03-2025
സജീന്ദ്ര കുമാർ . കെ	വി. ഇ. ഒ	01-04-2024	31-03-2025
ജ്യോതി. സി. ജോർജ്ജ്	കൃഷി ഓഫീസർ	01-04-2024	31-03-2025
അനാമിക മരിയ ബാബു	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2024	17-02-2025
സംഗീത	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	18-02-2025	31-03-2025
രഞ്ജുഷ. പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്ര നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കുകളിൽ എല്ലാ പുസ്തകങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ പുസ്തകവും ലഭ്യമാക്കിയിട്ടില്ല.	1-1-2
4	ബാങ്ക് ബുക്കും വാർഷിക കണക്കുകളുമായി യോജിക്കുന്നില്ല.	1-1-3
5	ഇഷ്യു ചെയ്ത് മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയ്ൽ ചെക്ക് (Stale Cheque) ശീർഷകത്തിലേക്ക് മാറ്റിയില്ല.	1-1-4
6	ബാങ്കിൽ നിക്ഷേപിച്ച ചെക്ക് ഇനങ്ങൾ നാളിതു വരെ ക്ലിയർ ആയിട്ടില്ല	1-1-5
7	ബാങ്കിൽ നിന്നും ഇനം ക്ലിയർ വന്ന – തസീത് നൽകി രേഖപ്പെടുത്തിയില്ല.	1-1-6
8	രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-7
9	ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-8
10	വാർഷിക കണക്കുകളിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളുടെ സംക്ഷിപ്തവും യോജിക്കുന്നില്ല.	1-1-9
11	കടിശ്ശിക ഇനങ്ങൾ അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-10
12	ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-11
13	ജനറൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-12
14	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-13
15	ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-14
16	ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ആയി ബുക്ക് ചെയ്യാതെ റെവന്യൂ എക്സ്പെൻഡിച്ചർ ആയി ബുക്ക് ചെയ്യുന്നു.	1-1-15
17	ആസ്തി രേഖകൾ കാലികമാക്കിയിട്ടില്ല.	1-1-16
18	പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.	1-1-17
19	വിവിധ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല	1-1-18
20	സെനിറ്റേഷൻ കോൺടിജന്റ് ഫെഡിൽ ഇക ബാക്കി നിൽക്കുന്നു.	1-1-19
21	ഫെസ്റ്റിവൽ/ടൂർ ടാവലിംഗ് അഡ്വാൻസ് ഇനത്തിൽ ഇക ക്ലിയാർ ബാക്കി നിൽക്കുന്നു.	1-1-20
22	അഡ്വാൻസ് ഇനത്തിൽ നൽകിയ ഇകകളുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.	1-1-21
23	ഓഡിറ്റ്	1-2
24	സാമ്പത്തിക വിശകലനം	1-3
25	ഫണ്ട് വിനിയോഗം	1-4
26	പുരോഗതി അവലോകനം	1-5
27	പ്രവർത്തനഫല പ്രവണത	1-6
28	പ്രധാന പദ്ധതികൾ	1-7
29	ക്യാഷ് ബാലൻസ് പരിശോധന	1-8
30	ആന്തരിക നിയന്ത്രണം	1-9
31	മുൻപത് വത്സരത്തെ	1-10
32	തദ്ദേശസ്ഥാപനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.	1-11
33	ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളിന്മേൽ ഉടൻനടപടി സ്വീകരിച്ചില്ല.	1-12

34	കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി പുനർനിശ്ചയിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം	1-13
35	റിസോർട്ടുകൾ/ഹോംസ്റ്റേകളെ മറ്റ് ഉപയോഗക്രമങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കാത്തതു മൂലം	1-14
36	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-15
37	ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ	1-16
38	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വാടക ഈടാക്കിയതിലെ അപാകതകൾ	1-17
39	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.	1-18
40	ഹോമിയോ ഡിസ്പെൻസറിയുടെ ദൈനംദിന ചെലവുകൾക്കു നൽകിയ ഇക എച്ച്.എം.സി കൂംഷ് ബുക്കിൽ വരവ് വന്നിട്ടില്ല.	1-19
41	ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ	1-20
42	അനുവദിച്ച കേന്ദ്ര ഫണ്ട് ലാപ്സായത് സംബന്ധിച്ച്	1-21
43	നെൽകൃഷി പ്രോത്സാഹനം -സംയുക്ത പ്രോജക്ടിൽ വകയിരുത്തിയ ഇതര സ്ഥാപനങ്ങളുടെ വിഹിതം മുഴുവൻ ലഭ്യമാക്കിയിട്ടില്ല.	1-22
44	പാലിന് സബ്സിഡി- കൂടുതൽ ഇക അനുവദിക്കേണ്ടത് സംബന്ധിച്ച്.	1-23
45	ആയുർവേദ മരുന്നുകൾ വാങ്ങുന്നതും - സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിപ്പും - ന്യൂനതകൾ.	1-24
46	മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിക്കാത്തത് സംബന്ധിച്ച്.	1-25
47	ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് ദൈനംദിന ചെലവുകൾ ലഭ്യമാക്കിയ ഇക- ആരോഗ്യ വികസന ഫണ്ടിൽ ഒടുക്കിയിട്ടില്ല.	1-26
48	വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റുകളുടെ റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.	1-27
49	അഗതിരഹിത കേരളം - പദ്ധതി വിഹിതം നൽകൽ	1-27-1
50	സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ	1-27-2
51	എസ്.എസ്.കെ. വിഹിതം നൽകൽ	1-27-3
52	പൊതു ടാപ്പുകൾക്ക് വാട്ടർ മീറ്റർ ഘടിപ്പിക്കുന്നതിന് ഇക ഡെപ്പോസിറ്റ് ചെയ്യൽ	1-27-4
53	പൊതുസ്ഥലങ്ങൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബി. -യിൽ പണം അടയ്ക്കൽ	1-27-5
54	സോളാർ റൂഫ് ടോപ്പ്	1-27-6
55	ഗ്രാമപഞ്ചായത്തിലേക്ക് ഉൗർജ്ജമിത്ര സോളാർ പാനൽ സ്ഥാപിക്കൽ	1-27-7
56	സോളാർ സ്ട്രീറ്റ് ലൈറ്റ്	1-27-8
57	തരിശ് മെഷീനുകൾ ഉപയോഗിക്കാതെ ഉപയോഗിക്കാതെ ഇങ്ങനെടുത്ത് നശിക്കുന്നു -	1-28
58	വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല	1-29
59	ഇ-ഗ്രാമകേരളം പദ്ധതി - സ്റ്റോർ പർച്ചേസ് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.	1-30
60	അംഗണവാടികളുടെ സ്മാർട്ട് പെയിന്റിംഗ്- അപാകതകൾ	1-31
61	പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ- ₹6,30,753/- രൂപയുടെ പിഴ ഈടാക്കിയിട്ടില്ല -	1-32
62	പുല്ലൂരാല അംഗനവാടി കെട്ടിട നിർമ്മാണം	1-32-1
63	കല്ലിടാംകുന്ന് സിസി റോഡ് റീ ടാറിംഗ്	1-32-2
64	മണിവയൽ അരിവരം കുന്ന് റോഡ് റീടാറിംഗ്	1-32-3
65	പാലക്കുഴ പെരുമ്പിക്കൽ റോഡ് ടാറിംഗ്	1-32-4
66	അരിവയൽ മംഗലംകുന്ന് റോഡ് റീ ടാറിംഗ്	1-32-5

67	വട്ടമ്പലവയൽ ക്വിന്റ നിർമ്മാണം	1-32-6
68	അരവയൽ റോഡ് ടാറിംഗ്	1-32-7
69	വട്ടമ്പ വയൽ റെഡ് നഗർ റോഡ് ടാറിംഗ് പാർശ്വഭിത്തി സംരക്ഷണം	1-32-8
70	അപ്പാട് കാപ്പിക്കുന്ന് കോൽക്കുഴി റോഡ് റീടാറിംഗ്	1-32-9
71	പുറക്കാടി പാലം ചെണ്ടക്കുനി റോഡ് റീടാറിംഗ്	1-32-10
72	പുണ്ടക്കുഴി പൊതുകിണറും നിർമ്മാണം	1-32-11
73	ചിരട്ടോലിക്കൽ റോഡ് ടാറിംഗ്	1-32-12
74	ക്ലിസ്റ്റി റോഡ് കോൺക്രീറ്റിംഗ്	1-32-13
75	പി.ഒ.ജി നമ്പർ റോഡ് റീടാറിംഗ്	1-32-14
76	അസി. എഞ്ചിനീയറുടെ പദ്ധതികൾ ചെലവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-33
77	ജൽ ജീവൻ പദ്ധതി - അവലോകനം	1-34

ഖണ്ഡം 2

1	ഉടമയ്ക്ക് താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾക്ക് കാരണം താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾക്കല്ലാതെ വസ്തുനികുതി പുനർനിശ്ചയിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം	2-1

ഖണ്ഡം 3

1	വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - ഇ-ടെണ്ടർ BOQ - വിൽ അധികം നൽകിയ ₹ 2,03,000/-നിരാകരിക്കുന്നു.	3-1

ഖണ്ഡം 4

1	മെഡിസെപ് - പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഇകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	റെഡിറ്റ് റിക്കവറി	4-7
8	ഹരിത്ത് ഗ്രാന്റ് പദ്ധതി പുരോഗതി	4-8
9	റെഡിറ്റ് പ്രത്യവലോകനം	4-10
10	തിരിച്ചാക്കാനവശേഷിക്കുന്ന റെഡിറ്റ് ബന്ധികകൾ	4-11

അനുബന്ധം

1	റെഡിറ്റ് സാക്ഷ്യപത്രം	
2	ഫണ്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statements	

ഭാഗം -I

പൊതു അവലോകനം

I-i ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 08.04.2025 ലെ 2/1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം തയ്യാറാക്കി 26.04.2025 തീയതിയിൽ പിള്ളണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിള്ളണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024 - 2025 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ
04.08.2025

I-1-1 വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ(എം).എസ്.നം.83/11/എൽ.എസ്.ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾപ്പെടെ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

I-1-2 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റും നീകൺസിലിയേഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്ക്/ട്രഷറിയുടെ പേര്	അക്കൗണ്ട് നം.	നീക്കി ബാക്കി(₹)(B-17 പ്രകാരം)
1	കേരള ഗ്രാമീൺ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	40270100101747	0

2	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(SBI), മീനങ്ങാടി ബ്രാഞ്ച്	40629836205	0
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(SBT), മീനങ്ങാടി ബ്രാഞ്ച്	67222096974	0
4	മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	1003010574	0
5	സബ് ട്രഷറി, സു.ബത്തേരി	9011400002672	0
6	എസ്.ടി.എസ്.ബി കോവിഡ് (STSB Covid)	12900001098	0
7	എസ്.ടി.എസ്.ബി (STSB)	11400005900	0
8	ഇന്ത്യൻ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	7167996500	0
9	ഐ.ഡി.ബി.ഐ ബാങ്ക് (IDBI Bank)	00045881	0

1-1-3 ബാങ്ക് ബുക്കും വാർഷിക കണക്കുകളുമായി യോജിക്കുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	ബാങ്ക്/ ട്രഷറിയുടെ പേര്	അക്കൗണ്ട് നം.	ബാങ്ക് സ്റ്റേറ്റ്മെന്റ്/ ബാങ്ക് ബുക്ക് / നികൺസിലിയേഷൻ പ്രകാരം നീക്കി ബാക്കി(₹)	വാർഷിക കണക്കുകൾ(B-17) പ്രകാരം നീക്കി ബാക്കി(₹)	വ്യത്യാസം(₹)
1	കാനറ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	110107192251	1,02,092/-	1,27,092/-	25,000/-

1-1-4 ഇഷ്യു ചെയ്ത് മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയ്ൽ ചെക്ക് (Stale Cheque) ശീർഷകത്തിലേക്ക് മാറ്റിയില്ല.

ഗ്രാമ പഞ്ചായത്ത് ഇഷ്യു ചെയ്ത് മൂന്ന് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയ്ൽ ചെക്ക് (Stale Cheque) ശീർഷകത്തിലേക്ക് മാറ്റിയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്കിന്റെ പേര്	ബാങ്ക് അക്കൗണ്ട് നം.	ചെക്ക് നം./തീയതി	തുക(₹)
1	മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	001003000401	21800546/18.09.2018	122/-

ചെക്ക് ഇഷ്യു ചെയ്ത് മൂന്ന് വർഷം കഴിഞ്ഞതിനാൽ പ്രയർ പിരിയഡ് എക്സ്പെൻസിൽ നിന്നും കുറച്ച് വാർഷിക കണക്കിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

1-1-5 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയിട്ടില്ല

ഗ്രാമ പഞ്ചായത്ത് ബാങ്കിൽ നിക്ഷേപിച്ച സാധാരണ സമയപരിധിക്കുള്ളിൽ ചെക്ക് ക്ലിയർ ചെയ്തിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്കിന്റെ പേര്	ബാങ്ക് അക്കൗണ്ട് നം.	ചെക്ക് നം./ തീയതി	തുക(₹)
1	മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	001003000401	50499/27.09.2018	5,000/-
			974237/30.08.2018	7,500/-
			134560/08.02.2019	12,250/-
2	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(SBI), മീനങ്ങാടി ബ്രാഞ്ച്	291446975	52878/25.02.2022	548/-

ചെക്ക് പണമായി മാറ്റാൻ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

1-1-6 ബാങ്കിൽ നേരിട്ട് ഇക ക്രെഡിറ്റ് വന്ന – രസീത് നൽകി കണക്കിലെടുത്തില്ല.

ബാങ്ക് റീകൺസിലിയേൻ സ്റ്റേറ്റുമെന്റിൽ ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് (Directly Credited By Bank) ആയി ചേർത്ത ഇകകൾ രസീത് നൽകി കണക്കിലെടുത്തില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്കിന്റെ പേര്	ബാങ്ക് അക്കൗണ്ട് നം.	ക്രെഡിറ്റ് ആയ തീയതി	ഇക(₹)
1	മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്, മീനങ്ങാടി ബ്രാഞ്ച്	001003000401	31/03/2019	6,250/-
2	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI), മീനങ്ങാടി ബ്രാഞ്ച്	67291446975	31/08/2024	445/-
			30/09/2024	8,200/-
			31/10/2024	390/-
			31/12/2024	551/-
			30/11/2023	54,521/-
			31/07/2024	1,171/-
			31/01/2024	19,319/-
			31/03/2022	325/-
			30/09/2022	548/-

1-1-7 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് സൂക്ഷിക്കേണ്ട എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ ഇക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രജിസ്റ്ററിന്റെ പേര്
1	സ്റ്റോക്ക് രജിസ്റ്റർ
2	ആസ്തി രജിസ്റ്റർ
3	കെ.യു.ആർ.ഡി.എഫ്.സി (KURDFC) ലോൺ രജിസ്റ്റർ
4	തൊഴിൽ നികുതി(ജീവനക്കാർ) രജിസ്റ്റർ
5	ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ
6	കെട്ടിട നിർമ്മാണ രജിസ്റ്റർ
7	കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ രജിസ്റ്റർ
8	ലേല രജിസ്റ്റർ

1-1-8 ഇനിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2011- ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 31 പ്രകാരം പണം കൊടുക്കാൻ വേണ്ടി പാസ്സാക്കിയിട്ടുള്ള ഓരോ ബില്ലിലും അതിന്റെ നമ്പർ, തീയതി, ഇക മുതലായവ സഹിതം ഒരു രജിസ്റ്ററിൽ അക്കൗണ്ടന്റ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-1-9 വാർഷിക കണക്കുകളിലെ ഇകകളും ഡിമാന്റ് രജിസ്റ്ററുകളുടെ സംക്ഷിപ്തവും യോജിക്കുന്നില്ല.

വസ്തു നികുതി ഡി.സി.ബി , തൊഴിൽ നികുതി(ടേബിൾ 7) രജിസ്റ്റർ സംക്ഷിപ്തം,ഐ.എഫ്.റ്റി.ഇ& ഒ.എസ് (IFTE&OS) ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം എന്നിവ വാർഷിക കണക്കുകളുമായി യോജിക്കുന്നില്ല(വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-11, 1-15(1) എന്നിവ കാണുക).

1-1-10 കടിശ്ശിക ഇകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ കടിശ്ശിക അവശേഷിക്കുന്നുണ്ട്.എന്നാൽ നികുതി ,നികുതിയേതര കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി,സ.ഉ(കൈ) നം.152/2011, എൽ.എസ്.ജി.ഡി. തീയതി 26/7/2011 എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ ഇക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-11 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽനികുതി, ഐ.എഫ്.റ്റി.ഇ& ഒ.എസ് (IFTE&OS) ലൈസൻസ് തുടങ്ങിയവ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ചെയ്യുന്നില്ല.

1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ വൗച്ചറുകൾ/ രേഖകൾ സൂക്ഷിക്കുന്നില്ല.

1-1-13 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ ഓഡിറ്റ് ആവശ്യത്തിലേക്ക് മാത്രം തയ്യാറാക്കി വാർഷിക കണക്കുകളിലെ ഇകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഉദാ- വസ്തുനികുതി, തൊഴിൽനികുതി, ഐ.എഫ്.റ്റി.ഇ& ഒ.എസ് (IFTE&OS) ലൈസൻസ് ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-14 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജൽ ജീവൻ മിഷൻ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, കൈമാറി കിട്ടിയ സ്ഥാനങ്ങളിലേക്കുള്ള വാങ്ങൽ തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

1-1-15 കാപ്പിറ്റൽ എക്സ്പെൻഡിച്ചർ ആയി ബുക്ക് ചെയ്യാതെ റെവന്യൂ എക്സ്പെൻഡിച്ചർ ആയി ബുക്ക് ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തേണ്ട വിവിധ പർച്ചേസുകൾ റെവന്യൂ എക്സ്പെൻഡിച്ചർ ആയി ആണ് ബുക്ക് ചെയ്യുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്ര.നം	പ്രോജക്ടിന്റെ നമ്പർ/ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	ചെലവ്(₹)
1	ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ടാബ്, പ്രിന്ററുകൾ വാങ്ങൽ	സെക്രട്ടറി	₹49,780/- (Vr No. 22401234/31.03.2025)
2	50280/25, വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	₹ 19,49,562/- (TRN No: 24180300000000002283/17-05-2024 , 24180300000000005064/12-07-2024, 24180300000000004832/08-07-2024,

			24180300000014789/27-12-2024 & 24180300000021796/26-03-2025)

1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ സ.ഉ(കൈ) നം.152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം തിട്ടപ്പെടുത്തി അക്കൗണ്ടിങ്ങ് 31.03.2025 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺടിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

1-1-17 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-4 ഷെഡ്യൂളിലെ 31-03-2025 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

1-1-18 വിവിധ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല

പല പ്രത്യേകാവശ്യ ഗ്രാന്റുകൾക്കും പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ഗ്രാന്റുകൾ നിക്ഷേപിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 13(4) (ബി) അനുസരിച്ച് ഓരോ ഫണ്ടിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

1-1-19 ബെനിഫിഷ്യറി കോൺടിബ്യൂഷൻ ഹെഡിൽ തുക ബാക്കി നിൽക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷ്യറി കോൺടിബ്യൂഷൻ ഹെഡിൽ (32080010), ₹12,97,719/- രൂപ ബാക്കി നിൽക്കുന്നു. മേൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-20 ഫെസ്റ്റിവൽ/ടൂർ ട്രാവലിംഗ് അഡ്വാൻസ് ഇനത്തിൽ തുക ലഭിക്കാൻ ബാക്കി നിൽക്കുന്നു.

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ (B-18 -460100101) 52,000/- രൂപയും ടൂർ ട്രാവലിംഗ് അഡ്വാൻസ് ഇനത്തിൽ (B-18 -460100105) 29,000/- രൂപയും അതര അഡ്വാൻസ് (Other Advance) ഇനത്തിൽ (B-18 -460100199) 83,355/- രൂപയും ഉൾപ്പെടെ ആകെ ₹ 1,64,355/- തിരികെ ലഭ്യമാക്കാനുണ്ട്. മേൽ തുക പലിശസഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-1-21 അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകളുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

വിവിധ ഏജൻസികൾക്ക് താഴെ പറയും പ്രകാരം അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്.

ക്രമനം	അക്കൗണ്ട് ഹെഡ്	തുക(₹)
1	460500201-Deposit With Kerala Water Authority	13,01,107/-
2	460500202-Deposit With Kerala Electricity Board	48,316/-
3	460500205- Deposit With Kerala Public Work Department	1,26,436/-
4	460500205- Deposit With Anert	57,31,366/-
5	460500499-Advance To Other Accredited Agencies	1,20,456/-

വാർഷിക കണക്ക് സംബന്ധിച്ച് എൻകയറി നമ്പർ 9, 16.06.2025 തീയതിയിൽ നൽകിയിരുന്നു.

1-2 ബഡ്ജറ്റ്

2024-25 വർഷത്തെ ബജറ്റ് 02.03.2024 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരവും, പരിഷ്കരിച്ച ബജറ്റ് 17.02.2025 ലെ 1/1-ാം തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

	ബജറ്റ്	പരിഷ്കരിച്ച ബജറ്റ്
മുന്നിരിപ്പ്	20,173,986	7,88,59,963
തൽവർഷ വരവ്	68,64,11,760	56,02,20,954
ആകെ	70,65,85,746	637,663,160
ചെലവ്	69,85,50,760	54,70,79,645
നീക്കിയിരിപ്പ്	80,34,986	1,31,41,313

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	7,79,39,520
തൽവർഷ വരവ്	10,48,40,649
ആകെ	18,27,80,169
ചെലവ്	10,78,83,014
നീക്കിയിരിപ്പ്	7,48,97,155

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ബാധ്യതയുള്ള തുക
വികസന ഫണ്ട് -ജനറൽ		38222218	38222218	33386000	4836218
വികസന ഫണ്ട്- എസ്.സി.പി		2421000	2421000	2421000	0
വികസന ഫണ്ട്- ടി.എസ്.പി		25326375	25326375	21597734	3728641
മെയിന്റനൻസ്, റോഡ്		30762537	30762537	26052241	4710296
മെയിന്റനൻസ്, നോൺ-റോഡ്		18166940	18166940	10398126	7768814
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ്(Tied)	3390131	11986500	15376631	4039145	11337486
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് (Untied)	857207	5630000	6487207	6322553	164650

(ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും, ജി. ഒ. പ്രോജക്ടുകൾക്ക് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയും ഉൾപ്പെടെയാണ് വികസന ഫണ്ടുകളിലെ വരവ് തുകയായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്) .

(എ)ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് (Tied),ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് (Untied) എന്നിവയിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് , ചെലവ് തുക എ.സി.ആർ / ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

	വരവ്			ചെലവ്		
	എ.സി.ആർ /ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	വാർഷിക കണക്ക്	വ്യത്യാസം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /ചെലവ് പത്രിക	വാർഷിക കണക്ക്	വ്യത്യാസം
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് (Untied)	5884496	5884496	0	6322553	6557008	234455
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്(Tied)	11986500	11986500	0	2841445	4039145	1197700

എൻകപ്യറി നമ്പർ 19/24-25/18.06.2025 പ്രകാരം ചെലവിനത്തിലുള്ള മേൽ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടതിൽ

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
477	364903334	291	1596446392	7	179	43.75

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	47	22	1,41,16,307	61,36,853	43.47
അസി.സെക്രട്ടറി	9	3	9551435	3051435	31.95
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	32	22	164148474	30580956	18.63
കൃഷി ഓഫീസർ	41	27	24506117	12099140	49.37

വെറ്ററിനറിസർജൻ	8	5	1269425	1089425	85.82
എസി ഡി എസ് സൂപ്രണ്ടിംഗ്	25	24	16656110	11082206	66.54
മെഡിക്കൽ ഓഫീസർ എച്ച് സി/സി.എച്ച്.സി	41	33	13000628	10410896	80.08
മെഡിക്കൽ ഓഫീസർ ഹോമിയോ	3	3	379267	379267	100
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	5	5	3510000	3510000	100
ഹൈസ്കൂൾ മാസ്റ്റർ	29	24	5242397	4698426	89.62
എസി. എഞ്ചിനിയർ	231	116	106153324	61277912	57.73
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	3	3	200000	140000	70
ഡയറി ഫാം ഇൻസ്ട്രക്ടർ	3	3	6169850	6169850	100
	477	291	364903334	1596446392	

2023-24 കാലയളവിൽ അനുവദിച്ചുകിട്ടിയ പദ്ധതികളിൽ പകുതിയിൽ താഴെ പദ്ധതികൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച 517 പ്രോജക്ടുകളിൽ 219 എണ്ണം പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥരായി തയ്യാറാക്കിയ 231 പദ്ധതികളിൽ 116 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ആകെ വകയിരുത്തിയതിൽ 43.75% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ ട്രഷറിയിൽ ബില്ലുകൾ സമർപ്പിച്ചിരുന്നെങ്കിലും പാസാവുകയുണ്ടായില്ല. ഇത് കാരണം ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിക്കാതെ സ്പിൽ ഓവറാകുന്നത് അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ലഭ്യമാകുന്ന തുകയിൽ കുറവ് വരുന്നതിന് കാരണമാകുന്നു. ആയതിനാൽ ഓരോ വർഷവും പൂർത്തീകരിക്കാവുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, മോണിറ്ററിംഗ് നടത്തുന്നതിനും ഭരണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
ഭരണചെലവുകൾ	0	3745655	3745655	3745655	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് വേതനം	0	73584207	73584207	73584207	0
മെറ്റീരിയൽസ്	0	40963000	40963000	40963000	0
പലിശ		4979			
അഡ്മിനിസ്ട്രേഷൻ ഫണ്ട്		2404967			

ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരമുള്ള വരവ് , ചെലവ് കണക്കുകൾ (I&E) ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

	ചെലവ്
വാർഷിക കണക്ക്	11,42,97,183
ക്യാഷ് ബുക്ക്	10,92,99,257
വ്യത്യാസം	49,97,925

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക, 25310010I (I-14(C)) എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം 25610011G (I-3(F)) എന്ന ശീർഷകത്തിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് . ഇത്തരത്തിലുള്ള അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൽവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	5,798,400	375
വിധവാപെൻഷൻ	2,20,60,200	1485
വാർദ്ധക്യകാലപെൻഷൻ	4,44,96,000	3204
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	52,71,500	45
അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	6,09,400	349

1-8 ക്യാഷ് ബാലൻസ് പരിശോധന

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരം ക്യാഷ് ബാലൻസ് പരിശോധന 16/06/2025 ന് 11.40 A.M ന് സ്ഥാപന തലവന്റെ / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി ക്യാഷ് ബാലൻസ് പരിശോധനയിൽ 5,586/- രൂപയുടെ കുറവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 33 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും , വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 21 തവണയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പ്രവർത്തനങ്ങളും ചെലവുകളും ചർച്ച ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

2. ഓഫീസ് മീറ്റിങ്ങ് -ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുകയും ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിജ്ഞിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം 2024-25 സാമ്പത്തിക വർഷം 18 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് ചെയ്യേണ്ടതുമാണ്.

3. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകൾ നിലവിൽ സൂക്ഷിക്കുന്നുണ്ട്.

4.അക്കൗണ്ടിംഗ്- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ഗ്രാമ പഞ്ചായത്ത് ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് പഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ച് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നവീകരിച്ച അക്കൗണ്ടിംഗ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നു. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

5.പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് പ്രവർത്തനം കേന്ദ്രീകൃതമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂർമെന്റല്ല നടത്തുന്നത്. ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന

രീതിയാണല്ലോത്. ഇത് ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് യാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഒ(പി)25/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

6. ഫയൽ മാനേജ്മെന്റ് – ഗ്രാമപഞ്ചായത്തിലെ ഫയൽ മാനേജ്മെന്റ് കാര്യക്ഷമമല്ല. ലഭിക്കുന്ന തപാലുകൾ, ഇമെയിലുകൾ എന്നിവ കൃത്യമായി നിരീക്ഷിക്കുകയും സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നില്ല.

7.പദ്ധതി പ്രവർത്തനങ്ങൾ – നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ പ്രശംസനീയമാണ്. ഉദാ. കാർബൺ ന്യൂട്രൽ പദ്ധതി, ഇ- ഉരുകലം,ആയുർ ആരോഗ്യ സൗഖ്യം , ഹെഡ് മാസ്റ്റർ മുഖേന വിദ്യാർത്ഥികൾക്കായുള്ള വിവിധ സ്പോർട്സ് പ്രവർത്തനങ്ങൾ, മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഗർഭിണികളായ അമ്മമാർക്കുള്ള പോഷകാഹാര വിതരണം എന്നിവ. എന്നിരുന്നാലും പദ്ധതി പൂർത്തികരിക്കാനാവശ്യമായ സാഹചര്യങ്ങളും, സൗകര്യങ്ങളും ഉണ്ടോയെന്ന് ഉറപ്പു വരുത്തി പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പൂർത്തീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച തരത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിലും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. മോണിറ്ററിംഗ് പ്രവർത്തനങ്ങൾ മോണിറ്റിംഗ് ഫോറം പൂർത്തികരിക്കുന്നതിലൊതുങ്ങുന്നു. മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

8. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാതെ അവശേഷിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ്, സർചാർജ്ജ് നടപടികൾ, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ എന്നിവയിന്മേൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

9. വലിയ കരാറുകളുടെ അംഗീകാരം നൽകുന്നത് പ്രത്യേക അജണ്ടയിൽ ആയിരിക്കണമെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് സൂക്ഷ്മതയിൽ അറ്റാച്ച് ചെയ്യണമെന്നും മരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

1-10 നികുതി വരുമാനം

വർഷം	വസ്തു നികുതി	തൊഴിൽ നികുതി	പെർമിറ്റ് ഫീ	വാടക	വിനോദ നികുതി	ലൈസൻസ് ഫീ
2022-23	96,83,832	39,70,300	8,55,752	48,53,838	0	7,68,460
2023-24	41,46,750	1,06,46,175	53,08,594	49,17,606	0	8,83,950
2024-25	1,21,21,883	43,31,130	55,42,763	49,03,372	0	9,26,050

1-11 വസ്തുനികുതിയുടെ ഡി.സി.ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡി.സി.ബി വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ഡി.സി.ബി പ്രകാരം(₹) (A)	വാർഷിക ധനകാര്യപത്രിക പ്രകാരം(₹) (B)	വ്യത്യാസം(₹) (A-B)
തൻവർഷ ഡിമാന്റ് (റസിഡൻഷ്യൽ)	3574282	3574282 (I1)	0
തൻവർഷ കളക്ഷൻ (റസിഡൻഷ്യൽ)	3567449	3557164 (RP45+2022-23 വർഷത്തെ B9+RP35-B9)	10285
തൻവർഷ കടിശ്ശിക (റസിഡൻഷ്യൽ)	17211	18089 (B15)	(-)878
കടിശ്ശിക	16806	12050	4756

ഡിമാന്റ് (റസിഡൻഷ്യൽ)		(2022-23 സാമ്പത്തിക വർഷത്തെ വാർഷികക്കണക്കിലെ B15)	
കുടിശ്ശിക കളക്ഷൻ (റസിഡൻഷ്യൽ)	13738	8986 (RP45)	4752
മുൻവർഷ കുടിശ്ശിക (റസിഡൻഷ്യൽ)	3078	3236 (B15)	(-)158
തൻവർഷ ഡിമാന്റ് (നോൺ-റസിഡൻഷ്യൽ)	8547601	8547601 (ii)	0
തൻവർഷ കളക്ഷൻ (നോൺ-റസിഡൻഷ്യൽ)	8429810	8397370 (RP45+2022-23 വർഷത്തെ B9+RP35-B9)	32440
തൻവർഷ കുടിശ്ശിക (നോൺ-റസിഡൻഷ്യൽ)	150258	157789 (B15)	(-)7531
കുടിശ്ശിക ഡിമാന്റ് (നോൺ-റസിഡൻഷ്യൽ)	32816	29831 (2022-23 സാമ്പത്തിക വർഷത്തെ വാർഷികക്കണക്കിലെ B15)	2985
കുടിശ്ശിക കളക്ഷൻ (നോൺ-റസിഡൻഷ്യൽ)	12555	10246 (RP45)	2309
മുൻവർഷ കുടിശ്ശിക (നോൺ-റസിഡൻഷ്യൽ)	20268	19068	1200

മേൽ പട്ടികയിൽ ഡിമാന്റിന്റെയും കളക്ഷന്റെയും വ്യത്യാസമല്ല കുടിശ്ശിക ഇനമായി രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം : 14/17.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു കൂടാതെ സഞ്ചയ ഡാഷ്ബോർഡിലുള്ള 2024-25 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് വാർഷികക്കണക്കിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ ഡാഷ്ബോർഡ് പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് (ലക്ഷം രൂപയിൽ)	വാർഷികക്കണക്കിലെ I-1 പ്രകാരം വസ്തുനികുതി ഡിമാന്റ്(ലക്ഷം രൂപയിൽ)	വ്യത്യാസം(ലക്ഷം രൂപയിൽ)
127.33	121.22	6.11

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം : 24/19.06.2025) നൽകിയ മറുപടിയിൽ സഞ്ചയ ഡാഷ്ബോർഡിൽ ലൈബ്രറി സെസ് ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നും വാർഷികക്കണക്കിലെ വസ്തുനികുതി ഡിമാന്റ് തുകയായ ₹1,21,21,883/- രൂപയും ലൈബ്രറി സെസ്സ് തുകയായ ₹6,10,627/- യും ഉൾപ്പെടുമ്പോൾ ഡാഷ്ബോർഡിലുള്ള തുകയ്ക്ക് തുല്യമാകും എന്ന് അറിയിച്ചിട്ടുണ്ട്. ഡി.സി.ബിയിലെ വിവരങ്ങളും വാർഷികക്കണക്കുമായി പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളിന്മേൽ നടപടി സ്വീകരിച്ചില്ല.

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ 5 ടെലികോം ടവറുകൾക്ക് മാത്രമാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ടവറുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

സി.നം	കെട്ടിട നം	കെട്ടിട ഉടമയുടെ വിലാസം
1	5/49/F	ATC TELECOM Tower Corporation PVT LTD,36/2624,2nd Floor Cheramgalath
2	11/867/A	Prema Krishnan Nair Indus Towers
3	13/869/A	The Maneger ATC Telecom Infrastructure Private Ltd.
4	15/718	The Maneger ATC Telecom Infrastructure Private Ltd.
5	17/477/A	Project Maneger Indus Towers Ltd

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3(3) പ്രകാരം സ്ഥലപരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 ടവറുകളോളം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിരുന്നു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ഖണ്ഡിക 1-18 പ്രകാരം നടത്തിയ മീനങ്ങാടി ടൗൺ, കാക്കവയൽ പ്രദേശങ്ങളിൽ മാത്രം നടത്തിയ സ്ഥലപരിശോധനയിൽ 7 ടവറുകൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആയത് പ്രകാരം നാളിത് വരെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ടവറുകളിൽ നിന്നും നികുതി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 14/17.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിട്ടും മേൽ വിഷയത്തിൽ തുടർനടപടികളുണ്ടാവാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൃത്യമായ പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ടവറുകളുടെയും വസ്തു നികുതി നിർണയിക്കേണ്ടതും.അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളിന്മേൽ നടപടി സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുകയോ ക്രമവത്കരിക്കുകയോ ചെയ്യുന്നതുവരെ 1995ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം ഈടാക്കേണ്ടതുമാണ്. കൂടാതെ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 കൂടുതൽ താവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ താവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ചുമത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ പുതിയ കെട്ടിട രജിസ്റ്റർ (New Building Register) പ്രകാരം കൂടുതൽ താവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ താവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചുമത്തേണ്ട നികുതിയാണ്

നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ

സഞ്ചയയിലെ വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യത്തിനുള്ളവ 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചമീറ്ററിന് ₹44.1 (₹40 എന്നത് 2023-24 സാമ്പത്തിക വർഷം മുതൽ 5% വർദ്ധനവ് വരുന്ന പ്രകാരം) നിരക്കിലും വാണിജ്യാവശ്യത്തിനുള്ളവ 100 ചമീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചമീറ്ററിന് ₹66.15 (₹60 എന്നത് 2023-24 സാമ്പത്തിക വർഷം മുതൽ 5% വർദ്ധനവ് വരുന്ന പ്രകാരം) നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്കുള്ള വസ്തുനികുതി ഈടാക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം, വസ്തുനികുതി ഈടാക്കി തുടങ്ങിയ വർഷം	തറ വിസ്തീർണ്ണം, ഇളവ്/ വർദ്ധനവ്	ചമീറ്ററിന് ₹44.1 എന്ന നിരക്കിൽ ഈടാക്കിയ വസ്തുനികുതി(₹)	ചമീറ്ററിന് ₹66.15 എന്ന നിരക്കിൽ ഈടാക്കേണ്ട വസ്തുനികുതി(₹)	വ്യത്യാസം(₹)
1	7/524/A (2014-15 ഒന്നാം അർദ്ധവർഷം മുതൽ)	140 ചമീ; ഇളവ് =20% (മേഖല); വർദ്ധനവ് =20% (വഴി സൗകര്യം); ആകെ ഇളവ്/വർദ്ധനവ് = 0	അടിസ്ഥാന വസ്തുനികുതി =140*44.1 =6174/-	അടിസ്ഥാന വസ്തുനികുതി =140*66.15 =9261/-	3,087
2	14/122/A (2014-15 ഒന്നാം അർദ്ധവർഷം മുതൽ)	134.25 ചമീ; ഇളവ് = 10%(മേൽക്കൂര); വർദ്ധനവ് = 20% (വഴിസൌകര്യം); ആകെ ഇളവ്/വർദ്ധനവ് = 10% വർദ്ധനവ്	അടിസ്ഥാന വസ്തുനികുതി =134.25*44.1 =5921/- വർദ്ധനവ് = 593/- ആകെ വസ്തുനികുതി =6514/-	അടിസ്ഥാന വസ്തുനികുതി = 134.25*66.15=8881/- വർദ്ധനവ് =889/- ആകെ വസ്തുനികുതി =9770/-	3,256
3	15/639/E (2018-19 രണ്ടാം അർദ്ധവർഷം മുതൽ)	305.23 ചമീ; ഇളവ് =0; വർദ്ധനവ് =35% (വഴി സൌകര്യം, തറ നിർമ്മിതി); ആകെ ഇളവ്/വർദ്ധനവ് = 35% വർദ്ധനവ്	അടിസ്ഥാന വസ്തുനികുതി = 305.23*44.1=13461/- വർദ്ധനവ് = 4712/- ആകെ വസ്തുനികുതി =18173/-	അടിസ്ഥാന വസ്തുനികുതി = 305.23*66.15=20191/- വർദ്ധനവ് = 7067/- ആകെ വസ്തുനികുതി =27258/-	9,085
ഓഡിറ്റ് അന്വേഷണകുറിപ്പിന്(എൻക്വയറി നം: 27/ 19.06.2025) മറുപടിയായി ദൈനംദിനചെലവുകൾക്കായി സെക്രട്ടറിയിൽ നിന്നും ലഭിച്ച ഇക സ്ഥാപനത്തിന്റെ പേരിലുള്ള എസ്.ടി.എസ്.ബി (STSB) അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവഴിച്ച വരുന്നതെന്നും ഇക സ്ഥാപനത്തിന്റെ എച്ച്.എം.സി. ഫണ്ടിൽ നിക്ഷേപിക്കുന്നതിനെ കുറിച്ച് നിർദ്ദേശമൊന്നും ലഭിക്കാത്തതിനാലാണ് എച്ച്.എം.സി. ഫണ്ടിൽ നിക്ഷേപിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്ക് രണ്ട് അക്കൗണ്ടുകൾ മുഖേന ഇകകൾ ചെലവഴിക്കുമ്പോൾ ഇരട്ടിപ്പുണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുക ബുദ്ധിമുട്ടാണ്. ആയതിനാൽ ഭാവിയിൽ സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്ക് ലഭിക്കുന്ന ഏതൊരു ഇകയും മേൽ ചട്ടം അനുസരിച്ച് എച്ച്.എം.സി. ഫണ്ടിൽ ഒടുക്കി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയ മാർഗ്ഗരേഖ (സ.ഉ നം. (ആകെ)നം. 84/2022/തസ്വഭവ, തീയതി 19.04.2022) ഖണ്ഡിക നമ്പർ 12.2 (5) (ഡി) അനുസരിച്ച കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ജല്ല വകപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂറായി ഇക നൽകാവുന്നതാണ്. മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.2 അനുസരിച്ച് അനുവദനീയമായ പദ്ധതികൾക്ക് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വിഹിതം നൽകാവുന്നതുമാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്ത് മുൻകൂറായി ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഫണ്ട് കൈമാറിയ/പദ്ധതികൾക്ക് വിഹിതം നൽകിയ ഉപഖണ്ഡികകളിൽ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻക്വയറി നം: 29/20.06.2025) പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1-27-1 അതിരഹിത കേരളം - പദ്ധതി വിഹിതം നൽകൽ

പ്രോജക്ട് നമ്പർ	9009/25
അടങ്കൽ	₹2,00,000/-
ഫണ്ട്	പൊതുവിഭാഗം വികസന ഫണ്ട്
വിഹിതമായി നൽകിയ ഇക	₹2,00,000/-
വൗച്ചർ റഫറൻസ് നമ്പർ, തീയതി	24186030000015060/31.12.2024

മേൽ പറഞ്ഞ ഇക കുടുംബശ്രീ സി.ഡി.എസ്-ന്റെ അക്കൗണ്ടിലേക്കാണ് (CNRB0000087/08271010382111) നൽകിയിരിക്കുന്നത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള കുടുംബശ്രീ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ കത്തിൽ (നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ല) ലഭിച്ച ഇക 2025 സെപ്റ്റംബറിൽ ഓണക്കോടി വാങ്ങാൻ വിനിയോഗിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (സ.ഉ(കൈ)നം. 84/2022/തസ്വഭവ, തീയതി 19.04.2022) ഖണ്ഡിക നമ്പർ 5.2(എ)(5) പ്രകാരം അഗതി കേരളം പദ്ധതിയുടെ ഭാഗമായാണ് വിഹിതം നൽകേണ്ടത്. പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35% ഗ്രാമ പഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത്, 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിലാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. ഇപ്രകാരം ഒരു പ്രോജക്ട് രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് പുറമേ, അഗതി കേരളം പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 252/2017/തസ്വഭവ, തീയതി 12.12.2017) ഖണ്ഡിക നം. 4.1.3 പ്രകാരം വസ്തും സ്പോൺസർഷിപ്പിലൂടെ മാത്രമാണ് ലഭ്യമാക്കേണ്ടത്. കൂടാതെ കുടുംബശ്രീ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ കത്തനുസരിച്ച് 2025-26 വർഷത്തെ ആവശ്യത്തിനാണ് 2024-25 -ലെ പ്രോജക്ട് പ്രകാരം ഇക കൈമാറിയിട്ടുള്ളത്. ഭാവിയിൽ വരാവുന്ന ചെലവിന് വേണ്ടി മുൻകൂർ ഇക പിൻവലിക്കാൻ പാടില്ല എന്ന് സ.ഉ(അച്ചടി) നം. 177/2006/ധനം, തീയതി : 12/04/2006 ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാൽ വിഹിതമായി നൽകിയ ഇക ₹2,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മാർഗ്ഗരേഖ പ്രകാരം അഗതി കേരളം പദ്ധതിക്കുവേണ്ടി രൂപീകരിക്കേണ്ട പ്രോജക്ട് തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അഗതി കേരളം പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് നൽകിയ വിഹിതത്തിന്റെ ചെലവുകൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ക്രമീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27-2 സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ	S0012/25
അടങ്കൽ	₹1,50,000/-
ഫണ്ട്	പൊതുവിഭാഗം വികസന ഫണ്ട്
മുൻകൂറായി നൽകിയ ഇക	₹1,50,000/-
ട്രഷറി റഫറൻസ് നമ്പർ, തീയതി	241803000015062/31.12.2024

സാമൂഹ്യ സുരക്ഷാ മിഷന് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ മേൽ പറഞ്ഞ ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് ഇക ₹1,50,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

1-27-3 എസ്.എസ്.ഇക വിഹിതം നൽകൽ

പ്രോജക്ട് നമ്പർ	S0011/25
അടങ്കൽ	₹4,04,586/-
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
മുൻകൂറായി നൽകിയ ഇക	₹4,04,586/-
വൗച്ചർ, തീയതി	22401225, 31.03.2025

സമഗ്ര ശിക്ഷാ കേരളത്തിന് മുൻകൂറായി നൽകിയ ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് ഇക ₹4,04,586/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഏതെല്ലാം വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്നും ഓരോ വിദ്യാലയത്തിലും നടത്തിയ പ്രവർത്തനങ്ങളുടെയും ഇനം തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-27-4 പൊതു ടാപ്പുകൾക്ക് വാട്ടർ മീറ്റർ ഘടിപ്പിക്കുന്നതിന് ഇക ഡെപ്പോസിറ്റ് ചെയ്യൽ

പ്രോജക്ട് നമ്പർ	S0554/25
അടങ്കൽ	₹50,000/-
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
മുൻകൂറായി നൽകിയ ഇക	₹50,000/-
വൗച്ചർ നമ്പർ, തീയതി	22401182, 29.03.2025

ഒൻപത് പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് കേരള ജല അതോറിറ്റിയിൽ മേൽപറഞ്ഞ ഇക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കേരള ജല അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം 31.03.2025 -ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മുൻകൂറായി നൽകിയ ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല(എൻകമ്പറി നം:286/29.03.2025). ആയതിനാൽ കേരള ജല അതോറിറ്റിക്ക് നൽകിയ ഇക ₹50,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27-5 പൊതുസ്ഥലങ്ങൾ വൈദ്യുതീകരിക്കുന്നതിന് കെഎസ്ഇബി -യിൽ പണം അടയ്ക്കൽ

പ്രോജക്ട് നമ്പർ	S0557/25
അടങ്കൽ	₹1,00,000/-
ഫണ്ട്	തനത് ഫണ്ട്
മുൻകൂറായി നൽകിയ ഇക വൗച്ചർ നമ്പർ, തീയതി	₹3,914/- 22401137, 26.03.2025 ₹29,560/- 22401259, 31.03.2025 ആകെ:₹33,474/-

കറിക്കാടൻ, റഷീദിന്റെ വീടിന് സമീപം സിംഗിൾ ഫേസ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിലേക്ക് മേൽപറഞ്ഞ ഇക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ട കരാറും ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കായിട്ടില്ല. കരാർ ഹാജരാക്കാത്തതിനാൽ പൂർത്തീകരണ തീയതി എന്നാണെന്ന് വ്യക്തമല്ല. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ, മുൻകൂറായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകിയ ആകെ ഇക ₹33,474/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27-6 സോളാർ റൂഫ് ടോപ്പ്

പ്രോജക്ട് നമ്പർ	S0580/25
അടങ്കൽ	₹37,69,600/-
ഫണ്ട്	കാർബൺ ന്യൂട്രൽ പുരസ്കാരം
മുൻകൂറായി നൽകിയ ഇക	₹37,69,600/-
വൗച്ചർ നമ്പർ, തീയതി	22401261, 31.03.2025

ഊർജ്ജ മേഖലയിൽ നിന്നുള്ള ബഹിർഗമനത്തോത് കുറച്ച് കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും സോളാർ പാനലുകൾ സ്ഥാപിക്കലാണ് പ്രോജക്ടിന്റെ ലക്ഷ്യം. ആയതനുസരിച്ച് 13 അങ്കണവാടികൾ, 8 ഫെർമത്ത് സബ് സെന്ററുകൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ അനർട്ടിന് മേൽ പറഞ്ഞ ഇക നിക്ഷേപിച്ചിട്ടുണ്ട്. അനർട്ടുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം (നം. ഇല്ല, തീയതി : 21.01.2025) 31.03.2025 -ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മുൻകൂറായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകിയ ഇക ₹37,69,600/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27-7 ഗ്രാമപഞ്ചായത്തിലേക്ക് ഊർജ്ജക്ഷമത സോളാർപാനൽ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ	S0423/25
അടങ്കൽ	₹9,90,000/-
ഫണ്ട്	കാർബൺ ന്യൂട്രൽ പുരസ്കാരം
മുൻകൂറായി നൽകിയ ഇക	₹9,90,000/-
വൗച്ചർ നമ്പർ, തീയതി	22400105, 19.03.2025

ഊർജ്ജ മേഖലയിൽ നിന്നുള്ള ബഹിർഗമനത്തോത് കുറച്ച് കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനലുകൾ സ്ഥാപിക്കലാണ് പ്രോജക്ടിന്റെ ലക്ഷ്യം. ആയതിന് നിർവ്വഹണ ഏജൻസിയായ അനർട്ടിൽ മേൽ പറഞ്ഞ ഇക നിക്ഷേപിച്ചിട്ടുണ്ട്. അനർട്ടുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം (നം. ഇല്ല, തീയതി : 07.01.2025) 31.03.2025-ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഇകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട

റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മൻകൂറായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകിയ തുക ₹9,90,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27-8 സോളാർ സ്ട്രീറ്റ് ലൈറ്റ്

പ്രോജക്ട് നമ്പർ	S00581/25
അടങ്കൽ	₹10,00,000/-
ഫണ്ട്	കാർബൺ ന്യൂട്രൽ പുതുപ്പാറം
മൻകൂറായി നൽകിയ തുക	₹9,71,766/-
വൗച്ചർ നമ്പർ, തീയതി	22401226, 31.03.2025

ഊർജ്ജ മേഖലയിൽ നിന്നുള്ള ബഹിർഗമനത്തോത് കുറച്ച് കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലാണ് പദ്ധതിയുടെ ലക്ഷ്യം. ആയതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ 18 ഇടങ്ങളിൽ 25 വാട്ട് സോളാർ ബൾബുകൾ സ്ഥാപിക്കുന്നതിന് മേൽ പറഞ്ഞ തുക നിർവ്വഹണ ഏജൻസിയായ അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സോളാർ ബൾബുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അനർട്ടുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം (നം. ഇല്ല, തീയതി : 05.03.2025) 31.03.2025 -ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മൻകൂറായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകിയ തുക ₹9,71,766/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. സോളാർ ബൾബുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ വിവരവും ഫണ്ട് വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-28 തയ്യൽ മെഷീനുകൾ ഉപയോഗിക്കാതെ ഉരുമ്പെടുത്ത് നശിക്കുന്നു -

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ, വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിലേക്ക് ജിം ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് വാർഡ് 13- ലെ മീനങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടത്തിലെ ഒന്നാം നിലയിലെ റൂമിൽ ഭൗതിക പരിശോധന നടത്തിയിരുന്നു. പ്രസ്തുത ഫിറ്റ്നസ്സ് സെന്ററിനുള്ള റൂമിന്റെ പുറത്ത് 12 തയ്യൽ മെഷീനുകളും ഒരു എമ്പ്രോയിഡറി മെഷീനും ഉപയോഗിക്കാതെ ഉരുമ്പെടുത്ത് നശിച്ച കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പ്രസ്തുത തയ്യൽ മെഷീനുകൾ ഏത് പ്രോജക്ടിൽ നിന്നും വാങ്ങിയതാണെന്നും നിർവ്വഹണോദ്യോഗസ്ഥന്റെ വിവരങ്ങളും വിതരണം ചെയ്യാത്തതിന്റെ കാരണവും അറിയിക്കേണ്ടതാണ്



12 തയ്യൽ മെഷീനുകളും ഒരു എമ്പ്രോയിഡറി മെഷീനും ഉപയോഗിക്കാതെ ഉരുമ്പെടുത്ത് നശിച്ച കിടക്കുന്നു.

ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി നം: 23/18.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മകളിൽ സൂചിപ്പിച്ച തയ്യൽ മെഷീനുകളുടെ അവസ്ഥ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന് വേണ്ടി ഐ.സി.ഡി.എസ് സൂപ്പർവൈസർ വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0280/25, വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ		₹ 20,03,000/-(വികസന ഫണ്ട് ജനറൽ)
ചെലവ് ഇക, ബിൽ നം./തീയതി		₹ 19,49,562/-
	₹ 1,49,747/-(TRN No: 241803000000002283/17-05-2024)	
	₹ 4,42,860/-(TRN No: 241803000000005064/12-07-2024)	
	₹ 3,92,815/-(TRN No: 241803000000004832/08-07-2024)	
	₹ 7,61,140/-(TRN No: 241803000000014789/27-12-2024)	
	₹ 2,03,000/-(TRN No: 241803000000021796/26-03-2025)	

വനിത ഫിറ്റ്നസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നതാണ് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് മേൽ പദ്ധതിയുടെ ലക്ഷ്യം. പ്രോജക്ട് പ്രകാരം ജിം ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ആയതിന് ഇ - ടെണ്ടർ വഴി സെലക്ട് ചെയ്ത ഫോർജ് ഫിറ്റ്നസ്സ് & വെൽനെസ്സ്(Forge Fitness & Wellness Center) , തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ₹ 19,49,562/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	Forge Fitness & Wellness Center –ന്റെ ഇൻവോയ്സ് നമ്പർ/തീയതി	നൽകിയ ഇക(₹)
1	FFW26/20-03-2024	99,735/-
2	FFW39/20-03-2024	4,84,154/-
3	FFW27/20-03-2024	99,458/-
4	FFW28/20-03-2024	96,303/-
5	FFW29/20-03-2024	99,303/-
6	FFW32/20-03-2024	99,404/-
7	FFW37/20-03-2024	81,162/-
8	FFW30/20-03-2024	99,505/-
9	FFW31/20-03-2024	98,404/-
10	FFW33/20-03-2024	98,704/-
11	FFW34/20-03-2024	96,303/-
12	FFW35/20-03-2024	98,303/-
13	FFW36/20-03-2024	98,303/-
14	FFW38/20-03-2024	97,521/-
15	FFWCO3/20-03-2024	2,03,000/-
ആകെ		19,49,562/-

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഇ ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത Forge Fitness & Wellness, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ 17,46,562/- രൂപയുടെ ടെണ്ടർ 06/03/2024 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11/03/2024 തീയതിയിലെ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക കാണിച്ചിട്ടുള്ളത് പ്രകാരം ആകെ 19,49,562/- രൂപ Forge Fitness & Wellness, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇ-ടെണ്ടറേർ പ്രകാരം ഭരണസമിതി അംഗീകരിച്ച് കരാറിൽ വ്യവസ്ഥ ചെയ്ത ബിൽ ഓഫ് ക്വാണ്ടിറ്റിയെക്കാൾ 2,03,000/- രൂപ അധികമാണ് നൽകിയിട്ടുള്ളത്. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ആണ് മേൽ പറഞ്ഞ ഇക നൽകിയിരിക്കുന്നത്. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ഇക അനുവദിക്കുന്നത് സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2. മേൽ പട്ടികയിലെ Forge Fitness & Wellness, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ ഇകയും നൽകിയിട്ടുണ്ട്. എന്നാൽ, മേൽ ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ല. Store Purchase Manual 2013/SPD(Revised As Per G.O(P) No.3/2013/SPD Dated 21/06/2013) ക്ലോസ്സ് 12.19 പ്രകാരം സാധനങ്ങൾ ലഭിക്കാതെയും സ്റ്റോക്കിൽ എടുക്കാതെയും കരാറുകാരന് പേമെന്റ് നടത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ Store Purchase Manual 2013/SPD (Revised As Per G.O(P) No.3/2013/SPD Dated 21/06/2013), Guidlines For Procurement Of Goods And Services In Local Governments In Kerala (G.O(P) No.259/2010/LSGD Dated 08/11/2010) എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

3. 18/06/2025- ന് നിർവ്വഹണോദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ താഴെ പറയുന്ന ഉപകരണങ്ങൾ കാണിച്ചു തന്നിട്ടില്ല.


ക്ര നം.	ഉപകരണത്തിന്റെ പേര്	ഇൻവോയിസ് നം/തീയതി	ഇൻവോയിസ് പ്രകാരം വാങ്ങിയ എണ്ണം	ഭൗതിക പരിശോധനയിൽ കണ്ട എണ്ണം	യൂണിറ്റ് നിരക്ക്(₹)	ആകെ തുക(₹)
1	Kettle Bell	FFW26/20-03.2024	24	1	18	432/-
2	Rear Kick		1	0	34,101/-	34,101/-
3	Mid Row HF 155	FFW27/20-03.2024	1	0	58,101/-	58,101/-
4	Vinyl Coated Dumbell		12	0	188/-	2,256/-
5	Bench Press Machine(Multi Press)		1	0	58,101/-	58,101/-
6	Gym Ball		1	0	899/-	899/-
7	Incline Bar	FFW28/20-03.2024	1	0	28,101/-	28,101/-
8	PEC Fly/Rear Delt	FFW29/20-03.2024	1	0	46,101/-	46,101/-
9	Seated Leg Extension		1	0	48,101/-	48,101/-
10	Cable Cross Over	FFW32/20-03.2024	1	0	68,101/-	68,101/-
11	Abdominal Crunch		1	0	18,101/-	18,101/-
12	Chair For Receptionist		1	0	10,101/-	10,101/-
13	Dumbells	FFW37/20-03.2024	120	0	148/-	17,760/-
14	Wall Balls		2	0	999/-	1,998/-
15	Furniture For Guest		1	0	38,101/-	38,101/-
16	Olympic Bar 4ft		1	0	4,601/-	4,601/-
17	Olympic DumbellsBar 3ft		1	0	3,801/-	3,801/-
18	Lat Pully	FFW30/20-03.2024	1	0	48,101/-	48,101/-
19	Rowing Pully		1	0	48,101/-	48,101/-
20	Stepper		3	0	1,101/-	3,303/-
21	Abductor Abductor	FFW31/20-03.2024	1	0	64,101/-	64,101/-
22	Free Weight Stand		1	0	12,101/-	12,101/-
23	Poly Boxes		1	0	2,101/-	2,101/-
24	Smith Machine	FFW33/20-03.2024	1	0	78,101/-	78,101/-
25	Poly Boxes		1	0	2,401/-	2,401/-
26	Seated Leg Presses	FFW34/20-03.2024	1	0	58,101/-	58,101/-
27	Hyper Extension		1	0	20,101/-	20,101/-
28	Vertical Knee Raiser		1	0	18,101/-	18,101/-
29	Multi Gym Bench	FFW35/20-03.2024	1	0	20,101/-	20,101/-
30	Sissy Squat		1	0	16,101/-	16,101/-
31	Super Squat	FFW36/20-03.2024	1	0	58,101/-	58,101/-
32	Music System		1	0	22,101/-	22,101/-
33	Hip Thrust	FFW38/20-03.2024	1	0	42,101/-	42,101/-
34	Free Weight		315	0	1,48/-	46,620/-
35	Rubber Medicine Ball		2	0	2,151/-	4,302/-
36	Yoga Mats		3	0	7,99/-	2,397/-

ആകെ	10,05,194/-

(ക്രമ നമ്പർ 34 Free Weight 315 എണ്ണം എന്നാണ് ബില്ലിലുള്ളത് എന്നാൽ അത് 315 കി.ഗ്രാം. ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് അറിയിച്ചിട്ടുള്ളത്.)

Forge Fitness & Wellness, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പേയ്മെന്റ് 20/03/2024- ന് നൽകി ഒരു വർഷം കഴിഞ്ഞിട്ടും, മേൽ പട്ടിക പ്രകാരം ഉള്ള ₹ 10,05,194/- രൂപയുടെ ഉപകരണങ്ങൾ (നിലവിലും) കരാറുകാരൻ സപ്ലൈ ചെയ്തിട്ടില്ല. 12/03/2024-ന്റെ കരാർ പ്രകാരം (3-ാം വ്യവസ്ഥ) കരാറുകാരൻ കരാർ തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ഉപകരണങ്ങൾ മുഴുവൻ സപ്ലൈ ചെയ്യേണ്ടതാണ്. കരാർ ലംഘനം ഉണ്ടായിട്ടും ഇതുവരെ നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരന് കത്ത് നൽകിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പോഷകാഹാര സ്റ്റോക്ക് രജിസ്റ്റർ പേജ് നം.125- ൽ നിർവ്വഹണോദ്യോഗസ്ഥൻ മേൽ പട്ടികയിലെ ഉപകരണങ്ങൾ എല്ലാം ലഭിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.

സപ്ലൈ ചെയ്ത ഉപകരണങ്ങൾ, വാർഡ് 13- ലെ മീനങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടത്തിലെ ഒന്നാം നിലയിലെ ഹാളിൽ ഇൻസ്റ്റാൾ ചെയ്യാതെ വെറുതെ ഇട്ടിരിക്കുകയാണ്. മുഴുവൻ ഉപകരണങ്ങളും ഇൻസ്റ്റാൾ ചെയ്ത് വനിത ഫിറ്റ്നസ്സ് ആയി പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം ഇവിടെ ഇല്ല. ഫിറ്റ്നസ്സ് സെന്ററിനുള്ള സ്ഥലം കണ്ടെത്തുന്നതിന് മുൻപെ ഉപകരണങ്ങൾ വാങ്ങൽ നടത്തുകയാണ് ചെയ്തിരിക്കുന്നത്. കരാർ(കോസ്റ്റ് I(C)) പ്രകാരം കരാർ തീയതി(12/03/2024) മുതൽ 3 വർഷത്തേക്കാണ് വാറന്റി നൽകിയിരിക്കുന്നത്. ഉപകരണങ്ങൾ ഡെലിവറി ചെയ്യുന്ന സമയത്ത് അധികൃതർ സ്ഥലത്തുണ്ടാകണമെന്നും അപാകതകൾ 2 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്നും കരാറിൽ ഉണ്ട്. എന്നാൽ, പ്രസ്തുത രേഖകൾ ഫയലിൽ ഇല്ല. ഇൻസ്റ്റലേഷൻ നടത്താതെ തന്നെ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ₹2,03,000/- കരാറുകാരന് 20/03/2024- ന് തന്നെ നൽകിയിട്ടുണ്ട്. 04/12/2006 -ലെ ജി.ഒ.(പി) നം. 177/ഫിൻ/2006 ഖണ്ഡിക 6.1 അനുസരിച്ച് മുൻകൂറായി ഇത്ര നൽകുന്നത് പാടില്ലാത്തതാണ്.



ഫിറ്റ്നസ് സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

4. 06/03/2024 -ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം Forge Fitness & Wellness, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 11/03/2024 -ലെ ഭരണസമിതി തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഭരണസമിതി തീരുമാനത്തിൽ 09/02/2024, 15/02/2024, 29/02/2024, 06/03/2024, 11/03/2024 എന്നീ തീയതികളിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ അംഗീകരിച്ചു എന്ന രേഖപ്പെടുത്തൽ മാത്രമാണുള്ളത്. ഭരണസമിതി തീരുമാനത്തിന്റെ കൂടെ (സകർമ്മയിൽ) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് അറ്റാച്ചും ചെയ്തിട്ടില്ല. ഭരണസമിതി യോഗത്തിൽ പ്രസ്തുത വിഷയം പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ചചെയ്തിട്ടില്ല. വലിയ തുകയുടെ പർച്ചേസായിരുന്നതിനാൽ പ്രത്യേക അജണ്ട വെച്ച് ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതായിരുന്നു. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് സകർമ്മയിൽ അറ്റാച്ച് ചെയ്യേണ്ടതുമായിരുന്നു.

5. ഫിറ്റ്നസ്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഇൻഡന്റ് തയ്യാറാക്കിയത് എങ്ങനെയെന്ന് ഫയലിൽ ഇല്ല. Dumbells 120 എണ്ണവും Free Weight 350 എണ്ണവും ആണ് സപ്ലൈ ചെയ്യാൻ ഓർഡർ നൽകിയിരിക്കുന്നത്. ഇത് വിശദീകരിക്കേണ്ടതാണ്.

6. നിലവിൽ സപ്ലൈ ചെയ്തിരിക്കുന്ന ഉപകരണങ്ങൾ കൊള്ളാമായി ഉപയോഗിക്കാൻ പറ്റിയ സ്പെസിഫിക്കേഷനിൽ ഉള്ളതാണെന്ന് ടെക്നിക്കൽ റിപ്പോർട്ട് നൽകേണ്ടതാണ്.

7. ഇൻവോയ്സ് നമ്പർ FFW39/20-03-2024 പ്രകാരം Rubber Floor Mats 1750 Sqft പതിച്ചതിന് ആകെ 2,16,750/- രൂപ(121/Sqft) നൽകിയിട്ടുണ്ട്. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

8. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം: 22/18.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൻസ്റ്റലേഷൻ ചാർജ്ജ് ഇ-ടെണ്ടർ നോട്ടീസിൽ നിർവ്വഹണോദ്യോഗസ്ഥ ഉൾപ്പെടുത്തുകയോ ഇ-ടെണ്ടറിൽ സ്ഥാപനം കോട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകിയതിന് ഭരണസമിതി അംഗീകാരവും നൽകിയിട്ടില്ല. ഇൻസ്റ്റലേഷൻ നടത്താതെ തന്നെ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ₹ 2,03,000/- കരാറുകാരന് 20/03/2024- ന് തന്നെ നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നൽകിയ ഇൻസ്റ്റലേഷൻ ചാർജ്ജ് ഓഡിറ്റ് നിരാകരിക്കുന്നു. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ കരാറുകാരന് നൽകിയ ₹2,03,000/- നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. പ്രോജക്ടിന്റെ ലക്ഷ്യമായ വനിത ഫിറ്റ്നസ്സ് സെന്റർ പ്രവർത്തനക്ഷമമാക്കാത്തതിനാൽ ബാക്കി ചെലവ് തുക ₹ 17,46,562/- തടസ്സപ്പെടുത്തുന്നു (ഖണ്ഡിക 3-I കാണുക). മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വനിത ഫിറ്റ്നസ്സ് സെന്റർ പ്രവർത്തനക്ഷമാക്കി അറിയിക്കേണ്ടതുമാണ്.

1-30 ഇ-ഗുരുകുലം പദ്ധതി - സ്റ്റോർ പർച്ചേസ് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ, ഇ-ഗുരുകുലം എന്ന പ്രവർത്തിയിൽ അങ്കണവാടികളുടെ സമഗ്ര മോണിറ്ററിംഗ് സിസ്റ്റം ആണ് ലക്ഷ്യം വെക്കുന്നത് . പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0392/25, ഇ-ഗുരുകുലം (സ്കിൽ ഓവർ)	S0104/25, ഇ-ഗുരുകുലം
അടങ്കൽ	₹ 6,50,000/- (വികസന ഫണ്ട് ജനറൽ)	₹ 1,96,000/- (വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 6,49,236/-	
	₹ 5,84,624/- (TRN No:241803000000005067/12-07-2024)	₹ 1,96,000/- (TRN No: 241803000000002721/25-03-2025)
	₹ 64,612/- (TRN No:241803000000021746/25-03-2025)	

പ്രോജക്ട് റിപ്പോർട്ട് പ്രകാരം, E – Gurukal Is Integrated Learning And Monitoring System For Anganawadis എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. 27/03/2023- ലെ, ജില്ല വിദഗ്ധ സമിതിയുടെ നൂതന പ്രോജക്ട് ആയി അംഗീകാരം നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഉത്തരവ്(G.O(Rt)No.36/2018/SPD/17.09.2018) പ്രകാരം കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ ലിസ്റ്റിലുള്ള സ്റ്റാർട്ട് അപ്പുകളിൽ നിന്നും, മൊബൈൽ ആപ്പ്, സോഫ്റ്റ് വെയർ ഉപ്രാഡക്ട്സ് & സർവ്വീസ് എന്നിവ നേരിട്ട് വാങ്ങാവുന്നതാണ്. അതിനാൽ, കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ ലിസ്റ്റിലുള്ള, Webfy IoT Private Ltd, തിരുവനന്തപുരം, എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകുകയും, ₹ 8,45,236/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	Webfy IoT Private Ltd -ന്റെ ഇൻവോയിസ് നമ്പർ/തീയതി	നൽകിയ തുക(₹)
1	WIOT02/26-06-2024	2,81,954/-
2	WIOT03/26-06-2024	3,02,670/-
3	WIOT06/10-03-2025	64,612/-
4	WIOT05/10-03-2025	1,96,000/-
ആകെ		8,45,236/-

എന്നാൽ, 05/07/2022- ലെ സർക്കാർ ഉത്തരവ് [സ.ഉ(കൈ)നം.2/2022/എസ്.പി.ഡി] പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളില്ലാതെ സ്റ്റാർട്ട് അപ്പുകളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സ്റ്റാർട്ട് അപ്പ് രജിസ്ട്രേഷൻ തീയതി മുതൽ 3 വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. Webfy IoT Private Ltd, തിരുവനന്തപുരം, എന്ന സ്ഥാപനത്തിന് കേരള സ്റ്റാർട്ട് അപ്പ് മിഷൻ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം (Unique ID: DIPP32968/2018/KSUM254) പ്രകാരം സ്റ്റാർട്ട് അപ്പ് കമ്പനി ആയി രജിസ്റ്റർ

ചെയ്തിരിക്കുന്നത് 21/04/2019 നാണ്. അത് പ്രകാരം 21/04/2022 ന് 3 വർഷം പൂർത്തിയായതിനാൽ ടെണ്ടർ നടപടികളിലൂടെ മാത്രമേ മേൽ പ്രകാരം പർച്ചേസ് നടത്താൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി നം: 21/18.06.2025) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാർട്ട് അപ്പ് സർട്ടിഫിക്കറ്റിൽ കാലാവധി 15/05/2028 വരെ ഉണ്ടായിരുന്നു, അതുകാരണം ആണ് ടെണ്ടർ ഇല്ലാതെ നേരിട്ട് Webfy IoT Private Ltd, തിരുവനന്തപുരം, എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയത് എന്നമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, സ്റ്റാർട്ട് അപ്പ് സർട്ടിഫക്കറ്റിലെ കാലാവധി തീയതി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സ്റ്റാർട്ട് അപ്പ് ആയി 15/05/2028 വരെ മറ്റ് ആനുകൂല്യങ്ങൾക്ക് ഉപയോഗിക്കാം എന്നാണ്. എന്നാൽ, ടെണ്ടർ ഇല്ലാതെ വാങ്ങുന്നതിന് 05/07/2022- ലെ സർക്കാർ ഉത്തരവ് [സ.ഉ(കൈ)നം.2/2022/എസ്.പി.ഡി] തന്നെയാണ് ആധാരമാക്കേണ്ടത്, എന്നതിനാൽ പർച്ചസ് നടത്തുന്നതിന് ടെണ്ടർ വിളിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിനാൽ ചെലവ് ഇക ₹ 8,45,236/- തടസ്സപ്പെടുത്തുന്നു.

1-31 അംഗണവാടികളുടെ സ്മാർട്ട് പെയിന്റിംഗ്- അപാകതകൾ

പ്രോജക്ട് നം./പേര്	S0234/25, അംഗണവാടികളുടെ സ്മാർട്ട് പെയിന്റിംഗ്
അടങ്കൽ	₹ 2,25,000/-(മെയിന്റൻസ് ഗ്രാന്റ് മാഡിതരം)
ചെലവ് ഇക, ബിൽ നം./തീയതി	₹ 1,40,000/-(TRN No: 241803000000021794/26-03-2025)

07/02/2025 – ലെ ഭരണ സമിതി തീരുമാന(നം.15/1) പ്രകാരം ഏറ്റവും കറവ് കോട്ട് ചെയ്ത ഉല്ലാസൻ കെ, എന്നയാളുടെ ടെണ്ടർ(21.5 Sq Ft) അംഗീകരിച്ചിട്ടുണ്ട്. ഉല്ലാസൻ നൽകിയ ബിൽ പ്രകാരം(നം.152/21.03.2025) 6512 Sqft പെയിന്റ് ചെയ്തതിന് 1,40,000/- രൂപ നൽകിയിട്ടുണ്ട്. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി നം: 25/18.06.2025) ലഭ്യമാക്കിയ മറുപടിയിൽ ആണ് അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം (കത്ത് നംഎൽ മെ ഡി & ഇ ഡബ്ലു ICDS 5/25-26 തീ.19/06/2025) ഹാജരാക്കിയിട്ടുള്ളത്. എന്നാൽ, അസി.എഞ്ചിനീയർ ചെയ്യേണ്ടിയിരുന്ന പണിക്ക് വർക്ക് ഐ.സി.ഡി.എസ് (ICDS) സൂപ്പർവൈസർക്ക് നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1-32 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ- ₹6,30,753/- രൂപയുടെ പിഴ ഈടാക്കിയിട്ടില്ല -

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം ഗ്രാമ പഞ്ചായത്ത് രേഖസമിതി വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. എന്നാൽ, പിഴ ഒഴിവാക്കി സമയം ദീർഘിപ്പിച്ചു നൽകാവുന്നതല്ല. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും കൂടാൻ പാടില്ലായെന്നും, പിഴയായി ആദ്യ തവണ കരാർ ഇകയുടെ 1 ശതമാനവും, തുടർന്ന് കരാർ ഇകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 തീയതിയിലെ എ.സി 2/223/2015തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടു കൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ ഇകയുടെ 1%(1000 രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ ഇകയുടെ 2%(2000 രൂപയിൽ കുറയാതെയും 1,00,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതുമാണ്. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ, കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും കരാർ പ്രകാരമുള്ള പിഴ ഈടാക്കാതെ, അവസാന ബിൽ ഇക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-32-1 പുല്ലൂരാൽ അംഗനവാടി കെട്ടിട നിർമ്മാണം

പ്രോജക്ട് നം./പേര്	നം. S0313/25, പുല്ലൂരാൽ അംഗനവാടി കെട്ടിട നിർമ്മാണം(സ്റ്റീൽ ഓവർ)

അടങ്കൽ	₹ 50,000/-(തനത് ഫണ്ട്) ₹ 13,00,000/-(ജില്ല പഞ്ചായത്ത് വിഹിതം)
ചെലവ് ഇക, ബിൽ നം./തീയതി	₹ 13,00,000/- (BRN No.241803520152008623 49/05-11-2024) (ജില്ല പഞ്ചായത്ത് വിഹിതം)
കരാർ നം./തീയതി	AE/99/2019-20/14.02.2020
കരാറുകാരന്റെ പേര്	ശ്രീ. സുനീഷ്.കെ.ഡി.
Estimate PAC	₹ 20,80,000/-
TS No.	71408/2019-2020/02.10.2019
കരാർ ഇക	₹ 17,82,667/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2020
എം.ബുക്ക് നം.	20/19-20 & 205/21-22
എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	14/03/2023 (എം.ബുക്ക് 205/21-22 പേജ് നം.37)
പ്രവൃത്തി വൈകിയ കാലയളവ്	35 മാസം 15 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 17,82,667 ന്റെ 1% = 17,827 രണ്ടാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 മൂന്നാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 നാലാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 അഞ്ചാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 ആറാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 ഏഴാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 എട്ടാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 ഒമ്പതാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 പത്താമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 പതിനൊന്നാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 പന്ത്രണ്ടാമത്തെ 3 മാസം 17,82,667 ന്റെ 2% = 35,653 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 4,10,010/- 1,00,000/- രൂപയിൽ പിഴ ലിമിറ്റ് ചെയ്യേണ്ടതാണ് (കേരള പി.ഡ.ബ്ലു.ഡി മാന്വൽ 2012 ക്ലോസ്സ് 2112.1 കാണുക)

ശ്രദ്ധിക്കുക: എക്സ്പെൻഡിച്ചർ പത്രികയിൽ ആകെ ചെലവ് ഇക പൂജ്യം ആണ്. വിശദീകരിക്കേണ്ടതാണ്.

1-32-2 കല്ലിടാംകുന്ന് സിസി റോഡ് ടി ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0441/25, കല്ലിടാംകുന്ന് സിസി റോഡ് ടി ടാറിംഗ്
അടങ്കൽ	₹ 5,00,000/-(MGR)
ചെലവ് ഇക, ബിൽ നം./തീയതി	₹ 5,00,000/- (TRN No.241803000000016763/30-01-2025)
കരാർ നം./തീയതി	AE/14/2023-24/16.12.2023
കരാറുകാരന്റെ പേര്	ശ്രീ. പ്രസാദ് സി.ഒ.
Estimate PAC	₹ 4,23,326.77

TS No.	43231/2023/27.06.2023
കരാർ തുക	₹ 4,64,302/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2023
എം.ബുക്ക് നം.	PRICE 3
PRICE 3 മൈനർ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	21/01/2025
പ്രവൃത്തി വൈകിയ കാലയളവ്	21 മാസം 20 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 4,64,302 ന്റെ 1% = 4,643 രണ്ടാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 മൂന്നാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 നാലാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 അഞ്ചാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 ആറാമത്തെ 3 മാസം 4,64,302 ന്റെ 2% =9,286 ഏഴാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 എട്ടാമത്തെ 3 മാസം 4,64,302 ന്റെ 2% = 9,286 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 69,645/-**

1-32-3 മണിവയൽ തരുവാരം കുന്ന് റോഡ് റീടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0478/25, മണിവയൽ തരുവാരം കുന്ന് റോഡ് റീടാറിംഗ്
അടങ്കൽ	₹ 10,00,000/-(തനത് ഫണ്ട്)
ചെലവ് തുക, ബിൽ നം./തീയതി	₹ 10,00,000/-(ചെക്ക് നം. 53481/27.03.2025)
കരാർ നം./തീയതി	AE/17/2023-24/16.12.2023
കരാറുകാരന്റെ പേര്	ശ്രീ. മനോജ് കെ.എൻ
Estimate PAC	₹ 8,47,395.94/-
TS No.	1825/2023/27.06.2023
കരാർ തുക	₹ 9,32,132/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2024
എം.ബുക്ക് നം.	PRICE 3
PRICE 3 മൈനർ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	22/03/2025
പ്രവൃത്തി വൈകിയ കാലയളവ്	8 മാസം 21 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 9,32,132 ന്റെ 1% = 9321 രണ്ടാമത്തെ 3 മാസം 9,32,132 ന്റെ 2% = 18643 മൂന്നാമത്തെ 3 മാസം 9,32,132 ന്റെ 2% = 18643 നാലാമത്തെ 3 മാസം 9,32,132 ന്റെ 2% = 18643 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 65,250/-**

1-32-4 പാലക്കുളം പെരുമ്പിക്കൽ റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0360/25, പാലക്കുളം പെരുമ്പിക്കൽ റോഡ് ടാറിംഗ്
അടങ്കൽ	₹ 5,00,000/-(CFC)
ചെലവ് ഇക, ബിൽ നം./തീയതി	₹ 5,00,000/- (Vr No. XVFC/2024-25/P/64/23-03-2025 - ₹ 3,72,233/-, XVFC/2024-25/P/73/26-03-2025 - ₹1,27,767/-)
കരാർ നം./തീയതി	AE/72/2022-23/31.03.2023
കരാറുകാരന്റെ പേര്	ശ്രീ. മനോജ് കെ.എൻ.
Estimate PAC	₹ 4,23,637.28
TS No.	11527/2023/27.02.2023
കരാർ ഇക	₹ 4,40,667/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	26/05/2023
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	15/02/2025
പ്രവൃത്തി വൈകിയ കാലയളവ്	20 മാസം 19 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 4,40,667 ന്റെ 1% = 4,407 രണ്ടാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 മൂന്നാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 നാലാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 അഞ്ചാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 ആറാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 ഏഴാമത്തെ 3 മാസം 4,40,667 ന്റെ 2% = 8,813 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 57,285/-**

1-32-5 അരിവയൽ മംഗലംകുന്ന് റോഡ് ടി ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0434/25, അരിവയൽ മംഗലംകുന്ന് റോഡ് ടി

	ടാറിംഗ്
തുകകൾ	₹ 2,00,000/-(തനത് ഫണ്ട്) ₹ 7,00,000/-(MGR)
ചെലവ് ഇക, ബിൽ നം./തീയതി	₹1,00,000/-(ചെക്ക് നം. 53467/21-02-2025) ₹ 7,00,000/-(TRN No.241803000000016760/29-01-2025)
കരാർ നം./തീയതി	AE/13/2023-24/16.12.2023
കരാറുകാരന്റെ പേര്	ശ്രീ. പ്രസാദ് സി.ഒ.
Estimate PAC	₹6,77,947.71
TS No.	43085/2023/27.06.2023
കരാർ ഇക	₹ 7,43,622/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	08/01/2025
പ്രവൃത്തി വൈകിയ കാലയളവ്	9 മാസം 18 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 7,43,622 ന്റെ 1% = 7,436 രണ്ടാമത്തെ 3 മാസം 7,43,622 ന്റെ 2% = 14,872 മൂന്നാമത്തെ 3 മാസം 7,43,622 ന്റെ 2% = 14,872 നാലാമത്തെ 3 മാസം 7,43,622 ന്റെ 2% = 14,872 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 52,052/-**

1-32-6 വട്ടത്തുവയൽ കിണർ നിർമ്മാണം

പ്രോജക്ട് നം./പേര്	നം. S0359/25, വട്ടത്തുവയൽ കിണർ നിർമ്മാണം(സ്പിൽ ഓവർ)
തുകകൾ	₹ 4,87,814/-(CFC)
ചെലവ് ഇക, ബിൽ നം./തീയതി	₹ 1,52,034/- (Vr No. XVFC/2024-25/P/12/22-08-2024)
കരാർ നം./തീയതി	AE/46/2022-23/13.02.2023
കരാറുകാരന്റെ പേര്	ശ്രീ. റിയാസ് എൻ.
Estimate PAC	₹ 7,51,675/-
TS No.	30799/2022/17.10.2022
കരാർ ഇക	₹ 7,51,675/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2023
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	27/03/2024
പ്രവൃത്തി വൈകിയ കാലയളവ്	11 മാസം 28 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 7,51,675 ന്റെ 1% = 7517 രണ്ടാമത്തെ 3 മാസം 7,51,675 ന്റെ 2% = 15,033 മൂന്നാമത്തെ 3 മാസം 7,51,675 ന്റെ 2% = 15,033 നാലാമത്തെ 3 മാസം 7,51,675 ന്റെ 2% = 15,033 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 52,616/-**

1-32-7 തരവയൽ റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0457/25, തരവയൽ റോഡ് ടാറിംഗ്
അടങ്കൽ	₹ 5,00,000/-(MGR)
ചെലവ് തുക, ബിൽ നം./തീയതി	₹ 5,00,000/- (TRN No.241803000000020415/18-03-2025)
കരാർ നം./തീയതി	AE/12/2023-24/15.12.2023
കരാറുകാരന്റെ പേര്	ശ്രീ. അബ്ദുഹാം ടി.ഒ.
Estimate PAC	₹ 4,23,066.97
TS No.	43337/2023/27.06.2023
കരാർ തുക	₹ 4,64,626/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	31/03/2024
എം.ബുക്ക് നം.	PRICE 3
PRICE 3 പൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	10/02/2025
പ്രവൃത്തി യഥാർത്ഥ കാലയളവ്	19 മാസം 18 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 4,64,626 ന്റെ 1% = 4,646 രണ്ടാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 മൂന്നാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 നാലാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 അഞ്ചാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 ആറാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 ഏഴാമത്തെ 3 മാസം 4,64,626 ന്റെ 2% = 9,293 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹60,404/-**

1-32-8 വട്ടത്തു വയൽ റഷീദ് നഗർ റോഡ് ടാറിംഗ് പാർശ്വഭിത്തി സംരക്ഷണം

പ്രോജക്ട് നം./പേര്	നം. S0480/25, വട്ടത്തു വയൽ റഷീദ് നഗർ റോഡ് ടാറിംഗ് പാർശ്വഭിത്തി സംരക്ഷണം
അടങ്കൽ	₹ 8,00,000/-(MGR)
ചെലവ് തുക, ബിൽ നം./തീയതി	₹ 8,00,000/- (TRN No.241803000000018732/28-02-2025)
കരാർ നം./തീയതി	AE/24/2023-24/16.01.2024
കരാറുകാരന്റെ പേര്	ശ്രീ. പ്രസാദ് സി.ഒ.
Estimate PAC	₹ 6,77,758.87
TS No.	100995/2023/03.10.2023
കരാർ തുക	₹ 7,15,750/-

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	10/07/2024
എം.ബുക്ക് നം.	PRICE 3
PRICE 3 പൈത്തൺ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	10/02/2025
പ്രവൃത്തി വൈകിയ കാലയളവ്	7 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 7,15,750 ന്റെ 1% = 7,156 രണ്ടാമത്തെ 3 മാസം 7,15,750 ന്റെ 2% = 14,315 മൂന്നാമത്തെ 3 മാസം 7,15,750 ന്റെ 2% = 14,315 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 35,786/-**

I-32-9 അപ്പാട് കാപ്പിക്കുന്ന് കോൽക്കഴി റോഡ് റീടാറിംഗ്

പ്രവൃത്തി നം./പേര്	നം. S0432/25, അപ്പാട് കാപ്പിക്കുന്ന് കോൽക്കഴി റോഡ് റീടാറിംഗ്
അടങ്കൽ	₹ 1,00,000/-(MGR)
വൗച്ചർ തുക, ബിൽ നം./തീയതി	₹ 10,00,000/-(TRN No.241803000000018737/28-02-2025)
കരാർ നം./തീയതി	AE/44/2023-24/18.01.2024
കരാറുകാരന്റെ പേര്	ശ്രീ. അബ്രഹാം ടി.ഒ
Estimate PAC	₹18,47,022.54
TS No.	43078/2023/24.09.2023
കരാർ തുക	₹ 9,30,926/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	17/08/2024
എം.ബുക്ക് നം.	PRICE 3
PRICE 3 പൈത്തൺ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	10/02/2025
പ്രവൃത്തി വൈകിയ കാലയളവ്	5 മാസം 23 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 9,30,926 ന്റെ 1% = 9,309 രണ്ടാമത്തെ 3 മാസം 9,30,061 ന്റെ 2% = 18,618 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 27,927/-**

I-32-10 പുറക്കാടി പാലം പൊണ്ടക്കുനി റോഡ് റീടാറിംഗ്

പ്രവൃത്തി നം./പേര്	നം. S0470/25, പുറക്കാടി പാലം പൊണ്ടക്കുനി റോഡ് റീടാറിംഗ്
അടങ്കൽ	₹ 8,29,549/-(തനത് ഫണ്ട്) ₹ 1,70,451/-(MGR)
വൗച്ചർ തുക, ബിൽ നം./തീയതി	₹ 8,29,549/-(ചെക്ക് നം.53475/13.03.2025) ₹ 1,70,451/-(TRN No.241803000000018730/28-02-2025)
കരാർ നം./തീയതി	AE/22/2023-24/16.01.2024
കരാറുകാരന്റെ പേര്	ശ്രീ. അനിൽ ജോസ്
Estimate PAC	₹ 8,46,784.37
TS No.	100004/2023/03.10.2023

കരാർ തുക	₹ 9,30,061/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	09/10/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	09/02/2025
പ്രവൃത്തി വൈകിയ കാലയളവ്	4 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 9,30,061 ന്റെ 1% = 9,300 രണ്ടാമത്തെ 3 മാസം 9,30,061 ന്റെ 2% = 18,601 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 27,901/-**

1-32-11 പുണ്ടക്കുഴി പൊതുകക്കൂസ് നിർമ്മാണം

പ്രോജക്ട് നം./പേര്	നം. S0377/24, പുണ്ടക്കുഴി പൊതുകക്കൂസ് നിർമ്മാണം
അടങ്കൽ	₹ 1,00,000/-(MGR)
ചെലവ് തുക, ബിൽ നം./തീയതി	₹ 10,00,000/- (TRN No.241803000000002526/22-05-2024)
കരാർ നം./തീയതി	AE/14/2022-23/03.01.2023
കരാറുകാരന്റെ പേര്	ശ്രീ. മിഥുൻ എ.എസ്.
Estimate PAC	₹ 4,19,405.89
TS No.	28679/2022/22.10.2022
കരാർ തുക	₹ 4,19,402/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	12/07/2023
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	19/03/2024
പ്രവൃത്തി വൈകിയ കാലയളവ്	8 മാസം 6 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 4,19,402 ന്റെ 1% = 4,194 രണ്ടാമത്തെ 3 മാസം 4,19,402 ന്റെ 2% = 8,388 മൂന്നാമത്തെ 3 മാസം 4,19,402 ന്റെ 2% = 8,388 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 20,970/-**

ശ്രദ്ധിക്കുക: എസ്റ്റിമേറ്റിന്റെ പട്ടികയിൽ പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. വിശദീകരിക്കേണ്ടതാണ്.

1-32-12 ചിരട്ടാലിക്കൽ റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0377/25, ചിരട്ടാലിക്കൽ റോഡ് ടാറിംഗ്
അടങ്കൽ	₹ 2,91,925/-(CFC) ₹ 8,075/-(തനത് ഫണ്ട്)
ചെലവ് തുക, ബിൽ നം./തീയതി	₹ 2,91,925/-(വൗച്ചർ നം. XVFC/2024-25/P/71/23-03-2025)
കരാർ നം./തീയതി	AE/76/2022-23/31.03.2023
കരാറുകാരന്റെ പേര്	ശ്രീ. അബ്രഹാം ടി.ഒ.
Estimate PAC	₹ 2,54,193.77
TS No.	11543/2023/06.03.2023
കരാർ തുക	₹ 2,79,613/-

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	05/06/2023
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	22/01/2025
പ്രവൃത്തി വൈകിയ കാലയളവ്	19 മാസം 16 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 2,79,613 ന്റെ 1% = 2,796 രണ്ടാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 മൂന്നാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 നാലാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 അഞ്ചാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 ആറാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 ഏഴാമത്തെ 3 മാസം 2,79,613 ന്റെ 2% = 5,592 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 36,348/-**

1-32-13 ക്രിസ്റ്റി റോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം./പേര്	നം. S0484/25, ക്രിസ്റ്റി റോഡ് കോൺക്രീറ്റിംഗ്
അടങ്കൽ	₹ 5,00,000/-(തനത് ഫണ്ട്)
ചെലവ് തുക, ബിൽ നം./തീയതി	₹ 2,93,839/-(ചെക്ക് നം.53475/13-03-2025)
കരാർ നം./തീയതി	AE/10/2023-24/13.11.2023
കരാറുകാരന്റെ പേര്	ലേയോരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
Estimate PAC	₹ 2,63,871.73
TS No.	45006/2023/16.07.2023
കരാർ തുക	₹ 2,49,071/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി	2/02/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	27/01/2025
പ്രവൃത്തി വൈകിയ കാലയളവ്	1 മാസം 14 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 2,49,071 ന്റെ 1% = 2,491 രണ്ടാമത്തെ 3 മാസം 2,49,071 ന്റെ 2% = 4981 മൂന്നാമത്തെ 3 മാസം 2,49,071 ന്റെ 2% = 4981 നാലാമത്തെ 3 മാസം 2,49,071 ന്റെ 2% = 4981 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 17,434/-**

1-32-14 പി.ഒ.ജി സന്ധ്യാർ റോഡ് റീടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0338/25, പി.ഒ.ജി സന്ധ്യാർ റോഡ് റീടാറിംഗ്
അടങ്കൽ	₹ 2,65,000/-(MGR)
ചെലവ് തുക, ബിൽ നം./തീയതി	₹ 2,65,000/-(TRN No.241803000000018731/28-02-2025)
കരാർ നം./തീയതി	AE/104/2023-24/22.02.2024

കരാറുകാരന്റെ പേര്	ശ്രീ. പ്രസാദ്.സി.ഒ
Estimate PAC	₹ 2,24,497.15/-
TS No.	83547/2023/16.09.2023
കരാർ ഇക	₹ 2,37,811/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	21/10/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	29/01/2025
പ്രവൃത്തി വൈകിയ കാലയളവ്	3 മാസം 7 ദിവസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം 2,37,811 ന്റെ 1% = 2,378 രണ്ടാമത്തെ 3 മാസം 2,37,811 ന്റെ 2% = 4,756 **ആകെ ഈടാക്കേണ്ടിയിരുന്ന പിഴ = ₹ 7,134/-**

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻകയറി നം: 32/20.06.2025) മറുപടി ലഭ്യമാക്കിയയിട്ടില്ല. ₹ 6,30,753/- രൂപ പിഴയിനത്തിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

1-33 അസി. എഞ്ചിനിയറുടെ പദ്ധതികൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ 2024-2025 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ അസി, എഞ്ചിനിയർ നിർവ്വഹണം നടത്തിയ ആറു പദ്ധതികളിലെ ₹ 37,31,025/- രൂപയുടെ ചെലവ് വന്നിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	അടങ്കൽ(₹)	ചെലവ്(₹)
1	S0207/25, അറുപതുനാഴി കോളനി നടപ്പാത കോൺക്രീറ്റ്	വികസന ഫണ്ട് - ടി.എസ്.പി	4,22,613/-
2	S0206/25, ചുണ്ടക്കുഴി കോളനി നടപ്പാത കോൺക്രീറ്റ്	വികസന ഫണ്ട് - ടി.എസ്.പി	5,13,653/-
3	S0380/25, പാതിരിപ്പാലം പടവയൽ റോഡ് ഇന്റർലോക്ക്	മെയിന്റനൻസ് ഗ്രാന്റ് റോഡ്	2,16,001/-
4	S0096/25, ഓരോമലി റോഡ് റീടാറിംഗ്	മെയിന്റനൻസ് ഗ്രാന്റ് റോഡ്	2,78,758/-
5	S0377/24, ചുണ്ടക്കുഴി പൈതുകടവനം നിർമ്മാണം	മെയിന്റനൻസ് ഗ്രാന്റ് റോഡ്	10,00,000/-
6	S0313/25, പുല്ലുമല അംഗനവാടി കെട്ടിട നിർമ്മാണം(സ്പിൽ ഓവർ)	തനത് ഫണ്ട് & ജില്ല പഞ്ചായത്ത് വിഹിതം	13,00,000/-

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (എൻകയറി നം: 10/16.06.2025) ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ കൊടുത്ത പ്രവർത്തികൾ സൂലേഖയിൽ കാണിക്കാക്കത്തതിനാൽ ടെക്ക്നിക്കൽ അസിസ്റ്റന്റിനെ അറിയിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. സൂലേഖയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-34 ജൽ ജീവൻ പദ്ധതി - അവലോകനം

ജൽ ജീവൻ പദ്ധതിക്കായി മീനങ്ങാടി ഗ്രാമ പഞ്ചായത്ത് 2021-2022 സാമ്പത്തിക വർഷം മുതൽ 2024-2025 സാമ്പത്തിക വർഷം വരെ പദ്ധതികൾ ഒന്നും രൂപീകരിക്കുകയോ വാട്ടർ അതോറിറ്റിക്ക് വിഹിതം കൈമാറുകയോ ചെയ്തിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതയാണ് ഇക വകയിരുത്താത്തതിന് കാരണമായി സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, 10/08/2020 - സർക്കാർ ഉത്തരവ്

പ്രകാരം(സ.ഉ(സാധാ) നം.4584/ധന) ജൽ ജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നേ വിവരം മറുപടി സഹിതമുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

2-1 കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ചുമത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ പുതിയ കെട്ടിട രജിസ്റ്റർ (New Building Register) പ്രകാരം കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചുമത്തേണ്ട നികുതിയാണ് നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ

